ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:13.02.2025**

## പ്രധാനവാർത്തകൾ

1). **പ്രധാനമന്ത്രി നരേന്ദ്രമോദി യു.എസ് നാഷണൽ ഇന്റലിജൻസ് ഡയറക്ടർ തുൾസി ഗബ്ബാർഡുമായി ചർച്ച നടത്തി.**

2). **വഖഫ് നിയമ ഭേദഗതി സംബന്ധിച്ച ജെസിസി റിപ്പോർട്ട് രാജ്യസഭ അംഗീകരിച്ചു. പുതിയ ആദായനികുതി ബിൽ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും.**

3). **കേരളം വൈകാതെ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ നിയമസഭയിൽ. പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് സഭ പിരിഞ്ഞു. മാർച്ച് മൂന്നിന് വീണ്ടും ചേരും.**

4). **വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് വയനാട്ടിൽ ഇന്ന് യു.ഡി.എഫ് ഹർത്താൽ.**

5). **റേഡിയോയും കാലാവസ്ഥാ വ്യതിയാനവും എന്ന പ്രമേയത്തിലൂന്നി ഇന്ന് ലോക റേഡിയോ ദിനം ആചരിക്കുന്നു.**

6). **38-ാമത് ദേശീയ ഗെയിംസിലെ മത്സര ഇനങ്ങൾ ഇന്ന് സമാപിക്കും.**

PNU TVPM

==========================================

**<u>പ്രധാനമന്ത്രി -തുൾസി ഗബ്ബാർഡ്</u>**

യു.എസ് നാഷണൽ  ഇൻറലിജൻസ് ഡയറക്ടർ തുൾസി ഗബ്ബാർഡ് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സന്ദർശിച്ചു. വാഷിംഗ്ടൺ ഡിസിയിൽ നടന്ന കൂടിക്കാഴ്ചയിൽ ഭീകരവാദത്തിനെതിരായ പോരാട്ടം, സൈബർ സുരക്ഷ, കാലികമായ വെല്ലുവിളികൾ, രഹസ്യാന്വേഷണ വിവര കൈമാറ്റം എന്നീ കാര്യങ്ങൾ ചർച്ചയായി. തുൾസി ഗബ്ബാർഡുമായുള്ള മുൻകാല ആശയവിനിമയങ്ങൾ പ്രധാനമന്ത്രി അനുസ്മരിച്ചു. അമേരിക്കയിലെത്തിയ  പ്രധാനമന്ത്രിയ്ക്ക് ഊഷ്മള വരവേൽപ്പാണ് ലഭിച്ചത്. അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ ക്ഷണ പ്രകാരമാണ് സന്ദർശനം. അമേരിക്കൻ പ്രസിഡൻറ് , അമേരിക്കയിലെ ഉന്നത നേതാക്കൾ, വ്യവസായികൾ, എന്നിവരുമായി ശ്രീ മോദി ഉഭയകക്ഷി ചർച്ച നടത്തും. അമേരിക്കയിലെ ഇന്ത്യൻ സമൂഹവുമായി അദ്ദേഹം സംവദിക്കും.

RNUTVPM

==========================================

**<u>ലോക് സഭ - രാജ്യസഭ</u>**

വഖഫ് നിയമഭേദഗതി സംബന്ധിച്ച് ലോക് സഭയിലും രാജ്യസഭയിലും പ്രതിപക്ഷ പ്രതിഷേധം. ബഹളത്തിനിടെ വഖഫ്  നിയമ ഭേദഗതി സംബന്ധിച്ച ജെസിസി റിപ്പോർട്ട് രാജ്യസഭ അംഗീകരിച്ചു. പ്രതിപക്ഷ എം പിമാരുടെ പ്രതിഷേധത്തെ തുടർന്ന് രാജ്യ സഭ അല്പനേരത്തേക്ക് പിരിഞ്ഞു. ലോക്സഭാ ഉച്ചക്ക് രണ്ട് മണിവരെ നിർത്തി വച്ചു. രാവിലെ  വന്യ ജീവി ആക്രമണങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപടി

സ്വീകരിക്കുന്നില്ലെന്നാരോപിച്ച് യു.ഡി.എഫ് എം.പി മാർ പാർലമെൻ്റിന് മുന്നിൽ പ്രതിഷേധിച്ചു.

==========================================

**ആദായനികുതി ബിൽ**

പുതിയ ആദായനികുതി ബിൽ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. ആദായ നികുതിയുമായി ബന്ധപ്പെട്ട നിയമം ഏകീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും ലക്ഷ്യമിട്ടുള്ള ബിൽ സഭയുടെ ഇന്നത്തെ കാര്യപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ ആദായനികുതി ബിൽ കൊണ്ടുവരുമെന്ന് ബജറ്റ് പ്രസംഗത്തിലാണ് ധനമന്ത്രി നിർമ്മല സീതാരാമൻ പ്രഖ്യാപിച്ചത്.

==========================================

**നിയമസഭ പിരിഞ്ഞു**

നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം. സഭാ നടപടികൾ വേഗത്തിലാക്കി സഭ പിരിഞ്ഞു. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ്റെ പ്രസംഗം സ്പീക്കർ തടസ്സപ്പെടുത്തി എന്നാരോപിച്ച് പ്രതിപക്ഷം മുദ്രാവാക്യം വിളികളുമായി സഭയുടെ നടുത്തളത്തിലിറങ്ങി ബഹളം വച്ചു. നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിൻ മേൽ പ്രതിപക്ഷ നേതാവ് നടത്തിയ പ്രസംഗം ചുരുക്കണം എന്ന് സ്പീക്കർ ആവശ്യപ്പെട്ടതിനെ തുടർന്നാണ് പ്രതിപക്ഷം ബഹളം വച്ചത്. തുടർന്ന് സഭാ നടപടികൾ വേഗത്തിൽ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിയുകയാണെന്ന് സ്പീക്കർ അറിയിക്കുകയായിരുന്നു. സഭ അടുത്ത മാസം 3 ന് വീണ്ടും സമ്മേളിക്കും.

==========================================

RNU TVPM

**<u>നിയമസഭ പിരിഞ്ഞു - 2</u>**

പട്ടിക ജാതി - പട്ടികവർഗ വിഭാഗങ്ങൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പദ്ധതികൾ വെട്ടിക്കുറച്ച സാഹചര്യം ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തി വയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്ക് എടുക്കണം എന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് എ പി അനിൽ കുമാർ ആണ് നോട്ടീസ് നൽകിയത്. 2024-25 ൽ സ്കോളർഷിപ്പിനായി 223 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയതെന്നും അതിനാൽ നടപടികൾ നിർത്തി വയ്ക്കേണ്ടതില്ലെന്നും മന്ത്രി ഒ ആർ കേളു അറിയിച്ചു. 10,000-ഓളം പേർ കൂടി അതിദരിദ്രരുടെ പട്ടികയിൽ നിന്ന് മാറിയാൽ കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറുമെന്ന് മന്ത്രി കെ എൻ ബാല ഗോപാൽ സഭയെ അറിയിച്ചു.

RNU TVPM

=============================================

**<u>നിയമസഭ പി പ്രസാദ് - (ഇൻട്രോ)</u>**

കാർഷിക സർവകലാശാല ഉത്പാദനക്ഷമതയും രോഗപ്രതിരോധ ശേഷിയുമുള്ള 359 ഇനങ്ങൾ കർഷകരിലേക്ക് എത്തിച്ചിട്ടുണ്ടെന്നും കേരളത്തിന്റെ കാർഷികമേഖലയ്ക്ക് ഉജ്ജ്വലമായ സംഭാവകൾ നൽകാൻ സർവകലാശാലയ്ക്ക് സാധിച്ചതായും മന്ത്രി പി പ്രസാദ്.

**<u>(ഹോൾഡ് ബൈറ്റ്........)</u>**

=============================================

**<u>നിയമസഭ- ആർ ബിന്ദു+ ഗണേഷ് കുമാർ</u>**

യു ജി സി കരട് മാർഗ നിർദേശങ്ങളുമായി ബന്ധപ്പെട്ട് ഈ മാസം 20- ന് ദേശീയ വിദ്യാഭ്യാസ കൺവെൻഷൻ സംഘടിപ്പിക്കുമെന്ന് മന്ത്രി ആർ ബിന്ദു.

കൺവെൻഷനിൽ മറ്റു സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാർ പങ്കാളിത്തം പ്രതീക്ഷിക്കുന്നതായും മന്ത്രി നിയമസഭയിൽ പറഞ്ഞു.

==========================================

**<u>വയനാട് ഹർത്താൽ - (ഇൻട്രോ)</u>**

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിരന്തരമായി കൊല്ലപ്പെടുന്ന മനുഷ്യജീവനുകൾക്ക് സർക്കാർ വില നൽകുന്നില്ലെന്ന് ആരോപിച്ചുകൊണ്ട് വയനാട്ടിൽ യു.ഡി.എഫ് ആഹ്വാനം ചെയ്ത ഹർത്താൽ പൂർണ്ണം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്...**
**(വോയിസ്..........)**

==========================================

**<u>വിലക്കയറ്റതോത്</u>**

രാജ്യമാകെയുള്ള വിലക്കയറ്റത്തോത് ജനുവരിയിൽ അഞ്ച് മാസത്തെ കുറഞ്ഞ നിരക്കായ 4.3 ശതമാനത്തിലെത്തി. വിലക്കയറ്റം നാല് ശതമാനത്തിലേക്ക് എത്തിക്കുകയാണ് റിസർവ് ബാങ്കിൻറെ ലക്ഷ്യം. 6.76 ശതമാനമാണ് കേരളത്തിലെ വിലക്കയറ്റത്തോത്.

==========================================

**<u>ബ്രേക്ക്.......</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==========================================

**<u>റേഡിയോ ദിനം</u>**

ഇന്ന് ലോക റേഡിയോ ദിനം. റേഡിയോയുടെ പ്രാധാന്യത്തെ ക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും റേഡിയോയിലൂടെ അറിവ് സമ്പാദിക്കുന്നത് പ്രോത്സാഹിപ്പിക്കു

RNU TVPM

ന്നതിനുമാണ് എല്ലാ വർഷവും ഫെബ്രുവരി 13 ലോക റേഡിയോ ദിനമായി ആചരിക്കുന്നത്. റേഡിയോയും കാലാവസ്ഥാ വ്യതിയാനവും എന്നതാണ് ഈ വർഷത്തെ പ്രമേയം.

ദിനാചരണത്തിൻറെ ഭാഗമായി ഇന്ന് ഉച്ചയ്ക്ക് 1.30 ന് ആകാശവാണി തിരുവനന്തപുരം റിക്രിയേഷൻ ക്ലബ് പൂജപ്പുര ശ്രീചിത്തിര തിരുനാൾ ഓഡിറ്റോറിയത്തിൽ ശ്രോതാക്കളുടെ സംഗമം സംഘടിപ്പിക്കും. പാലക്കാട് ചുണ്ടക്കാട് വാഴയ്ക്കച്ചിറയിൽ റേഡിയോദിന പരിപാടി സംഘടിപ്പിച്ചു. കാവശ്ശേരി ഗ്രാമപഞ്ചായത്ത് അംഗം എ.സുചിത്ര ഉദ്ഘാടനം ചെയ്തു.

===========================================

<u>**ആലപ്പുഴ, തൊഴിൽമേള - (ഇൻട്രോ)**</u>

**വിജ്ഞാന ആലപ്പുഴ** മെഗാ തൊഴിൽമേളയുടെ ഒരുക്കങ്ങൾ പൂർത്തിയായി. ശനിയാഴ്ചയാണ് മേള. എങ്കിലും അഭിമുഖങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

**വിശദാംശങ്ങളുമായി ആകാശവാണി**

**ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ....**

**(വോയിസ്...........)**

===========================================

<u>**സ്വാതി പുരസ്കാരം**</u>

സംസ്ഥാന സർക്കാരിന്റെ സ്വാതി സംഗീതപുരസ്കാരം, എസ്.എൽ.പുരം സദാനന്ദൻ പുരസ്കാരം എന്നിവ മന്ത്രി സജിചെറിയാൻ ഇന്ന് തിരുവനന്തപുരത്ത് സമ്മാനിക്കും. 2021 ലെ സ്വാതി സംഗീത പുരസ്കാരം പ്രൊഫ. പി. ആർ. കുമാര കേരള വർമ്മ ഏറ്റുവാങ്ങും. 2021 ലെ എസ്. എൽ. പുരം സദാനന്ദൻ നാടക പുരസ്കാരം കെ. പി. എ. സി ലീലയും 2022-ലെ പുരസ്കാരം വേട്ടക്കുളം ശിവാനന്ദനും സ്വീകരിക്കും.

RNU TVPM

==========================================

**മലപ്പുറം - അറസ്റ്റ്**

തിരൂർ മിനി സിവിൽ സ്റ്റേഷനിൽ മലപ്പുറം വിജിലൻസ് നടത്തിയ പരിശോധനയിൽ കൈക്കൂലി വാങ്ങിയ തിരൂർ ലാന്റ് ട്രിബ്യൂണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടറും ഇടനിലക്കാരനും അറസ്റ്റിൽ. കൈക്കൂലി വാങ്ങിക്കുന്നുവെന്ന വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഡി.വൈ.എസ്.പി എം. ഗംഗാധരന്റെ നേതൃത്വത്തിലായിരുന്നു അറസ്റ്റ്.

==========================================

**ഇടുക്കി ജലവൈദ്യുത പദ്ധതി- (ഇൻട്രോ)**

അമ്പതാം വർഷത്തിലേക്ക് കടന്ന് ഇടുക്കി ജലവൈദ്യുത പദ്ധതി. സംസ്ഥാന വൈദ്യുതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇടുക്കി ഡാം ഏഷ്യയിലെ ആദ്യത്തെ കമാന അണക്കെട്ടാണ്.

**വിശദാംശങ്ങളുമായി ആകാശവാണി**
**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**
**(വോയിസ് .............)**

==========================================

**ദേശീയ ഗെയിംസ്**

38-ാമത് ദേശീയ ഗെയിംസിലെ മത്സര ഇനങ്ങൾ ഇന്ന് സമാപിക്കും. നാളെ ഹൽദ്വാനി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് സമാപന ചടങ്ങുകൾ. വനിതകളുടെ 500 മീറ്റർ കെ 4 കാനോൻ കയാക്കിങ്ങിൽ കേരളം ഇന്ന് വെങ്കലം നേടി. നിലവിൽ 12-ാം സ്ഥാനത്താണ് കേരളം. സർവീസസ് ഒന്നാം സ്ഥാനത്തും മഹാരാഷ്ട്ര, ഹരിയാന, കർണാടക എന്നിവ തൊട്ടടുത്ത സ്ഥാനങ്ങളിലുമാണ്.

==========================================

RNU/TVPM

**ഒ.ആർ കേളു**

38- ാ മത് ദേശീയ ഗെയിംസിൽ ജൂഡോയിൽ വെങ്കല മെഡൽ നേടിയ ദേവി കൃഷ്ണയെ അഭിനന്ദനമറിയിച്ച് മന്ത്രി ഒ.ആർ കേളു. ജൂഡോ 70 കിലോഗ്രാം വിഭാഗത്തിലാണ് മെഡൽ ലഭിച്ചത്.

=========================================

**ശബരിമല**

ശബരിമലയിൽ ഭക്തജനത്തിരക്ക്. കുംഭം ഒന്നായ ഇന്ന് രാവിലെ അഞ്ചിന് നട തുറന്നപ്പോൾ തീർഥാടകരുടെ വലിയ തിരക്കാണ് അനുഭവപ്പെട്ടത്. വെർച്വൽ ക്യൂ വഴിയും പമ്പയിലെ സ്പോട്ട്ബുക്കിംഗ് സംവിധാനം ഉപയോഗപ്പെടുത്തിയും തീർഥാടകർക്ക് ദർശനം നടത്താം. 17-ന് നട അടയ്ക്കും.

=========================================

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. രാവിലെ വ്യാപാരം തുടങ്ങിയപ്പോൾ ബോംബെ ഓഹരി സൂചിക സെൻസെക്സ് 324 പോയിന്റ് നേട്ടത്തിൽ 76,534-ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 126 പോയിന്റ് നേട്ടത്തിൽ 23,173- ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണവില കൂടി. ഗ്രാമിന് 40 രൂപ വർധിച്ച് 7,980 രൂപയും പവന് 320 രൂപ വർധിച്ച് 63,840 രൂപയുമാണ് ഇന്നത്തെ വില.

===================

===========================

=========================================

RNU TVPM